# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പര്‍ 1727** — 18.06.2012 -ല്‍ മറുപടിയ്ക്ക്

**കോഴിയിറച്ചിയുടെ അനധികൃത വരവ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.ഗീതാ ഗോപി | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | അന്യ സംസ്ഥാനങ്ങളില്‍നിന്ന് കോഴിയും കോഴിയിറച്ചിയും നിയമവിരുദ്ധമായി കൊണ്ടുവരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | ഉണ്ട്. സാധാരണ നിരീക്ഷണ നടപടികള്‍ക്കു പുറമെ ഊടുവഴികളിലൂടെയുള്ള കോഴിക്കടത്ത് തടയുന്നതിനുവേണ്ടി ഇന്‍സ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണര്‍ (ഇന്റലിജന്‍സ്), കോഴിക്കോട്, ഇന്‍സ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണര്‍, പാലക്കാട് എന്നിവരുടെ നേതൃത്വത്തില്‍ ഒരു സ്ഥിരം സ്പെഷ്യല്‍ സ്ക്വാഡിനെ രൂപീകരിച്ചിട്ടുണ്ട്. അതിര്‍ത്തി പ്രദേശ ങ്ങളിലെ ഫാമുകളുടെ പ്രവര്‍ത്തനം നിരീക്ഷിക്കുവാനും സ്ഥിരം സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. ഡെപ്യൂട്ടി കമ്മീഷണര്‍, പാലക്കാടിന്റെ മേല്‍നോട്ടത്തില്‍ 3 സ്പെഷ്യല്‍ സ്ക്വാഡുകളും നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷന്‍ ഓഫീസര്‍